**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-മുട്ടിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയോഗത്തിൽ വ്യാജ ഒപ്പ് രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ട അന്വേഷണം- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.**2447/2018**/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/09/2018

---

പരാമർശം:- 1. മുട്ടിൽ ഗ്രാമപഞ്ചായത്ത് യു.ഡി.എഫ് മെമ്പർമാർ 27/4/2017ൽ സമർപ്പിച്ച ഹർജി.

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.6.2017ലെ എ9-2868/17 നമ്പർ കത്ത്.

ബഹു. ഓംബുഡ്സ്മാന്റെ 25.01.2018-ലെ 916/2017-ാം നമ്പർ ഉത്തരവ്.

ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ വയനാടിന്റെ 08.05.2018-ലെഇ2/2017/12687/12 നമ്പർ കത്ത്.

**ഉത്തരവ്**

മുട്ടിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയോഗത്തിൽ മിനുട്ട്സ് ബുക്കിൽ വ്യാജ ഒപ്പ് രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണത്തിനായി ഓംബുഡ്സ്മാന് ഹർജി നൽകണമെന്ന് പരാമർശം( 4) പ്രകാരം വയനാട് ജില്ലാ കളക്ടർ അവശ്യപ്പെട്ടിരിക്കുന്നു..

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ കേസ് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 271.എം വകുപ്പിലെ വ്യവസ്ഥപ്രകാരം ഓംബുഡ്സ്മാന് റഫർ ചെയ്യാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ പരാമർശം ഒന്നിലെ പരാതിയും പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ടും അടങ്ങുന്ന സർക്കാർ ഫയൽ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 271.എം വകുപ്പിലെ വ്യവസ്ഥപ്രകാരം തുടർ അന്വേഷണത്തിനും തുടർ നടപടികൾക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SINDHU. L.**
**സ്പെഷ്യല് സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ,

സാഫല്യം കോംപ്ലക്സ് പാളയം, തിരുവനന്തപുരം.

(ഫയൽ നം.304/ഇഎം2/2018/തസ്വഭവ ഉൾപ്പെടെ)

ജില്ലാ കളക്ടർ, വയനാട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ